"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പുതിയ അപേക്ഷകരുടെ മസ്റ്ററിംഗിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മസ്റ്ററിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ് എഫ് സി - ബി) വകുപ്പ്**

സ.ഉ.(കൈ) നം.35/2022/FIN തീയതി,തിരുവനന്തപുരം, 23-02-2022

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 24/09/2021-ലെ പി എ എൻ/9472/2020 - ഡിബിറ്റി1(ഡി.പി) നമ്പർ കത്ത്.

**ഉത്തരവ്**

01/04/2020 മുതൽ പ്രാദേശിക സർക്കാരുകളിൽ ലഭിക്കുന്ന പുതിയ അപേക്ഷകളിൽ അർഹതയുള്ളവർക്ക് മാത്രം പെൻഷൻ ലഭിക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകളിൽ ഒരു എണ്ണവും മുനിസിപ്പാലിറ്റികളിൽ മൂന്ന് എണ്ണവും കോർ പ്പറേഷനുകളിൽ അഞ്ച് എണ്ണവും വീതം മസ്റ്ററിംഗിന് ഡിവൈസുകൾ തനത് ഫണ്ടിൽ നിന്ന് വാങ്ങുന്നതിനും ആയതിന്റെ സ്പെസിഫിക്കേഷൻ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. മസ്റ്ററിംഗിന് ഡിവൈസുകളായ Biometric Fingerprint Scannaer, Biometric Iris Scanner എന്നിവയുടെ സ്പെസിഫിക്കേഷൻ അംഗീകരിക്കുന്നതിനും മസ്റ്ററിംഗ് ഡിവൈസ് വാങ്ങുന്നതിനായി പഞ്ചായത്ത് ഡയറക്ടർ ടെണ്ടർ ക്ഷണിച്ച് റേറ്റ് കോൺട്രാക്ടിലൂടെ യോഗ്യതയുള്ള കമ്പനികളെ നിശ്ചയിച്ച് അവരിൽ നിന്നും വാങ്ങുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് അനുമതി നല്കണമെന്നും മേല്പ്പറഞ്ഞ വാങ്ങൽ നടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർ, ഐ.റ്റി മിഷൻ, ഐ.കെ.എം പ്രതിനിധി, സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ഒരു പർച്ചേസ് കമ്മിറ്റി രൂപീകരി ക്കണമെന്നും സൂചന (2) പ്രകാരം പഞ്ചായത്ത് ഡയറകടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01/04/2020 മുതൽ പ്രാദേശിക സർക്കാരുകളിൽ ലഭിക്കുന്ന പുതിയ അപേക്ഷകളിൽ അർഹതയുള്ളവർക്ക് മാത്രം പെൻഷൻ ലഭിക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകളിൽ ഒരു എണ്ണവും മുനിസിപ്പാലിറ്റികളിൽ മൂന്ന് എണ്ണവും മുനിസിപ്പൽ കോർപ്പറേഷനുകളിൽ അഞ്ച് എണ്ണവും വീതം താഴെ കൊടുക്കുന്ന സ്പെസിഫിക്കേഷനിലുള്ള മസ്റ്ററിം ഗ് ഡിവൈസുകളായ Biometric Fingerprint Scanner, Biometric Iris Scanner എന്നിവ ബന്ധപ്പെട്ട പ്രാദേശികസർക്കാരുകളുടെ തനത് ഫണ്ടിൽ നിന്ന് വാങ്ങുന്നതി ന് അനുമതി നൽ കി ഉത്തരവാകുന്നു.

| **Biometric Fingerprint Scanner** | **Biometric Iris Scanner** |
| --- | --- |

| Single Fingerprint Scanner | Single Iris Scanner |
|---|---|
| STQC Certified and UIDAI Level 0 approved | STQC Certified and UIDAI Level 0 approved |
| Auto capture with built in quality check(NIST quality considerations) | Auto capture with built in quality check (NIST quality considerations) |
| Less than 2 sec capture time | Less than 2 sec capture time |
| USB 2.0 or higher Connectivity | USB 2.0 or higher Connectivity |
| USB Powered | USB Powered |
| RD Service compliant with API/SDK, driver | RD Service compliant with API/SDK, driver |
| Compliant with UIDAI device capture API specification | Compliant with UIDAI device capture API specification |
| Windows, Android, Linux Operating Systems compatibility | Windows, Android, Linux Operating Systems compatibility |
| 3 Years OEM warranty | 3 Years OEM warranty |
| Should ensure integration with buyer's software application within a period of 2 weeks during evaluation testing. | Should ensure integration with buyer's software application within a period of 2 weeks during evaluation testing. |

ടി വിശിഷ്ടീകരണമുള്ള (specification) മസ്റ്ററിംഗ് ഡിവൈസ് വാങ്ങുന്നതിനായി പഞ്ചായത്ത് ഡയറക്ടർ ടെണ്ടർ ക്ഷണിച്ച് റേറ്റ് കോൺട്രാക്ടിലൂടെ യോഗ്യതയുള്ള കമ്പനികളെ നിശ്ചയിക്കേണ്ടതും പ്രാദേശിക സർക്കാരുകൾ അവരിൽ നിന്നും മസ്റ്ററിംഗ് ഡിവൈസുകൾ വാങ്ങേണ്ടതുമാണ്. മസ്റ്ററിംഗ് ഡിവൈസ് വാങ്ങൽ നടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർ, ഐ.റ്റി മിഷൻ പ്രതിനിധി, ഐ.കെ.എം പ്രതിനിധി, സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിക്കുന്നതിനും, ടി പർച്ചേസ് കമ്മിറ്റിയിൽ ധനകാര്യവകുപ്പ് പ്രതിനിധിയായി ഇൻഫർമേഷൻ സിസ്റ്റംസ് ഡയറക്ടറെ നാമനിർദ്ദേശം ചെയ്യും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രതീപ് കുമാർ.ബി

ജോയിന്റ് സെക്രട്ടറി

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ സിസ്റ്റംസ്

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ